### ഇസ്‌ലാംഭീതിയുടെ വേലിയേറ്റവും ഒ.ഐ.സിയുടെ നിരീക്ഷണങ്ങളും-2

# കാരണങ്ങളും പ്രതിവിധികളും

● വി.പി.എ അസീസ്

**നുണകളിൽ** അധിഷ്ഠിതമായ അഭിപ്രായ രൂപീകരണ ഉപകരണങ്ങളെയും മാധ്യമ സന്നാഹങ്ങളെയും പ്രചാരണ ഏജൻസികളെയും അവലംബിച്ച്, പ്രചണ്ഡമായ വായ്ത്താരികളിലൂടെ ഇസ്‌ലാമിനെയും മുസ്‌ലിംലോകത്തെയും സദാ ശത്രുപക്ഷത്ത് സ്ഥാപിക്കുന്ന രീതി പാശ്ചാത്യലോകത്ത് ഇപ്പോൾ ശക്തമാണ്. പാശ്ചാത്യ വൈകൃതങ്ങളോടും അതിന്റെ അധിനിവേശപരതയോടുമുള്ള പ്രതികരണമെന്ന നിലയിലും, സാമ്രാജ്യത്വം വളം നൽകി വളർത്തിയതിന്റെ ഫലമായും ആവിർഭവിച്ച ഭീകരതയെ ഇസ്‌ലാമിന്റെ തലയിൽ കെട്ടിയേൽപ്പിക്കുന്ന രീതി പടിഞ്ഞാറ് മാത്രമല്ല ഇന്ത്യയിൽ വരെ ശക്തിപ്പെടുന്നുണ്ട്. ഇത്തരം ഇസ്‌ലാമോഫോബിയയുടെ ഇന്ത്യൻ-കേരള പതിപ്പുകൾ പുതുമയുള്ള വാർത്തകളല്ല ഇപ്പോൾ. ആഴ്ചതോറും ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങൾക്കുനേരെ കുതിരകയറുന്ന മലയാള വാരികകളും പർദധാരണം പോലും ഭീകരതയുടെ സ്വാധീനതയായി ദുർവ്യാഖ്യാനം ചെയ്യുന്ന പ്രബന്ധങ്ങളും കൂടുതലായി പ്രത്യക്ഷപ്പെടുന്നത്, പ്രചാരണം മാത്രം ലക്ഷിമിട്ടു നടത്തുന്ന സൂത്രപ്പണിയായി കരുതാൻ വയ്യ. ഇസ്‌ലാംവിരുദ്ധ ഭീതിയും വിദ്വേഷവും വ്യാപകമാക്കാനുള്ള ആസൂത്രിത നീക്കങ്ങൾ തന്നെ ഇവ. സദാ പുരോഗമനപരവും ധീരവുമായ നിലപാടുകൾ പ്രകടിപ്പിക്കാറുള്ള ബ്രിട്ടനിലെ കാന്റർബറി ആർച്ച് ബിഷപ്പിനെപ്പോലും ഭീകരരുടെ സഹചാരിയായി ചാപ്പകുത്താൻ മാധ്യമങ്ങൾക്ക് ലജ്ജയില്ല. ഈ വർഷാദ്യം ബി.ബി.സിക്ക് നൽകിയ അഭിമുഖത്തിൽ കാന്റർബറി ബിഷപ്പ് റോവൻ വില്യംസ് നടത്തിയ പരാമർശമാണ് അദ്ദേഹത്തിനെതിരെ തിരിയാൻ മാധ്യമങ്ങളെ പ്രേരിപ്പിച്ചത്. മുസ്‌ലിംകൾ ബ്രിട്ടനിൽ അന്യവത്കരിക്കപ്പെടുന്നത് അവസാനിപ്പിക്കുന്നതിനും അവരെ മുഖ്യധാരയിലേക്ക് ഉദ്ഗ്രഥിക്കുന്നതിനും ഇസ്‌ലാമിക ശരീഅത്ത് നിയമത്തിലെ പ്രധാന വശങ്ങൾ ബ്രിട്ടനിൽ നടപ്പാക്കുന്നത് പ്രയോജനകരമാവും എന്ന് ആർച്ച് ബിഷപ്പ് ചെറിയൊരു നിർദേശം ഉന്നയിച്ചു. പിറ്റേന്ന് പുറത്തിറങ്ങിയ ചില പത്രങ്ങൾ 'കാന്റർബറി ആർച്ച് ബിഷപ്പിനെ സൂക്ഷിക്കുക: അങ്ങേർ ഭീകരതയുമായി കൈക്കോർക്കുന്നു' എന്ന മത്തങ്ങാ തലക്കെട്ടുകളുമായാണ് വാർത്ത പ്രസിദ്ധീകരിച്ചത്. ഇങ്ങനെ ഇസ്‌ലാമിനെ ഭീകരതയുമായി സമീകരിക്കുന്ന വലതുപക്ഷ മാധ്യമങ്ങൾ ഇസ്‌ലാമിൽ ഭിന്നത കുത്തിനിറക്കാൻ മറ്റു പദാവലികളും സംജ്ഞകളും പടച്ചുവിടുന്നതും ശ്രദ്ധേയമാണ്. 'രാഷ്ട്രീയ ഇസ്‌ലാം', 'സാംസ്കാരിക ഇസ്‌ലാം', 'പാരമ്പര്യവാദികൾ', 'മൃദു പാരമ്പര്യവാദികൾ', 'പരിഷ്കരണവാദികൾ' തുടങ്ങിയ പ്രയോഗങ്ങൾ ശ്രദ്ധിക്കുക.

പാശ്ചാത്യ മനസ്സുകളിൽനിന്ന് വിഭ്രാന്തിയായി നിർഗമിക്കുന്ന ഇസ്‌ലാമോഫോബിയയുടെ പ്രകട രൂപങ്ങൾ ഇത്ര വ്യാപകമാകാനുള്ള കാരണങ്ങൾ എന്താകാം? അറബ്‌ലോകത്തെ എണ്ണ സമ്പത്തിലുള്ള കണ്ണ്, ഇറാനെ പോലുള്ള രാഷ്ട്രങ്ങൾ കൈവരിക്കുന്ന പുരോഗതി സ്വന്തം മേൽക്കോയ്മ തകർക്കുമെന്ന ആശങ്ക, പാശ്ചാത്യ രാജ്യങ്ങളിലെ മുസ്‌ലിം ജനസംഖ്യാ വർധന, മുസ്‌ലിം കുടിയേറ്റക്കാരുടെ എണ്ണത്തിലെ വർധന തുടങ്ങിയവ സാമ്രാജ്യത്വത്തെയും അതിന്റെ വകഭേദങ്ങളെയും അത്യധികം അസ്വസ്ഥമാക്കുന്നു. അതോടൊപ്പം പാശ്ചാത്യ ഉപഭോഗ സംസ്കാരവും ഇതര പൈതൃകങ്ങളും ക

ആഴ്ചതോറും ഇസ്‌ലാമിക പ്രസിദ്ധീകരണങ്ങൾക്കുനേരെ കുതിരകയറുന്ന മലയാള വാരികകളും പർദധാരണം പോലും ഭീകരതയുടെ സ്വാധീനതയായി ദുർവ്യാഖ്യാനം ചെയ്യുന്ന പ്രബന്ധങ്ങളും കൂടുതലായി പ്രത്യക്ഷപ്പെടുന്നത്, പ്രചാരണം മാത്രം ലക്ഷിമിട്ടു നടത്തുന്ന സൂത്രപ്പണിയായി കരുതാൻ വയ്യ. ഇസ്‌ലാംവിരുദ്ധ ഭീതിയും വിദ്വേഷവും വ്യാപകമാക്കാനുള്ള ആസൂത്രിത നീക്കങ്ങൾ തന്നെ ഇവ. സദാ പുരോഗമനപരവും ധീരവുമായ നിലപാടുകൾ പ്രകടിപ്പിക്കാറുള്ള ബ്രിട്ടനിലെ കാന്റർബറി ആർച്ച് ബിഷപ്പിനെപ്പോലും ഭീകരരുടെ സഹചാരിയായി ചാപ്പകുത്താൻ മാധ്യമങ്ങൾക്ക് ലജ്ജയില്ല.

യറ്റുമതി ചെയ്യാനുള്ള നീക്കങ്ങൾക്കെതിരെ മുസ്‌ലിം ലോകത്തുനിന്ന് രൂക്ഷമായ ചെറുത്തുനിൽപും വിമർശനങ്ങളും ഉയരുകകൂടി ചെയ്യുമ്പോൾ നവ സാമ്രാജ്യത്വ മനോഗതിയുള്ള പാശ്ചാത്യ നേതാക്കൾ ജനങ്ങളിൽ ഭീതി നിറക്കുന്ന പ്രചാരണങ്ങൾ ശക്തിപ്പെടുത്താൻ തുടങ്ങുന്നു. സോവിയറ്റ് കമ്യൂണിസ്റ്റ് ചേരി രാഷ്ട്രങ്ങൾ ശിഥിലീകരിക്കപ്പെട്ടതോടെ മുതലാളിത്ത സാമ്രാജ്യത്വ രാഷ്ട്രങ്ങൾ മുസ്‌ലിം ലോകത്തെ ശത്രുസ്ഥാനത്ത് പ്രതിഷ്ഠി

ക്കുകയുണ്ടായി. അതോടെ ഇസ്‌ലാമിനെ സംബന്ധിച്ച വികല ഛായാനിർമിതി മാധ്യമങ്ങൾ പണ്ടെങ്ങുമില്ലാത്തവിധം ശക്തിപ്പെടുത്തി. ഇസ്‌ലാമിനെ സംബന്ധിച്ച് വേണ്ടത്ര പഠിക്കാതെയും നിഷേധാത്മക ചിത്രങ്ങൾ വരച്ചിട്ടുകൊണ്ടും ഇസ്‌ലാംഭീതിയുടെ കൂടുതൽ വിത്തുകൾ ബുദ്ധിജീവികളും നേതാക്കളും ജനമനസ്സുകളിൽ വിതക്കുകയുണ്ടായി.

ഇസ്‌ലാമോഫോബിയയുടെ വ്യാപനം വിലയിരുത്താൻ ഒ.ഐ.സിയുടെ മക്കാ സമ്മേളനം രൂപം നൽകിയ ഒബ്സർവേറ്ററി, ഈ വംശീയ പ്രവണത പണ്ടെങ്ങുമില്ലാത്തവിധം ശക്തിപ്പെട്ടതിന്റെ നിരവധി കാരണങ്ങൾ പഠനറിപ്പോർട്ടിൽ വിശദീകരിക്കുന്നുണ്ട്. അവയിൽ ഏതാനും ചിലത് പ്രതിപാദിക്കുന്നത് സംഗതമാകും.

● ആവിർഭാവ കാലം മുതൽക്കേ ഇസ്‌ലാമിനോട് ശത്രുത പ്രകടിപ്പിച്ചു വരികയാണ് ക്രൈസ്തവ-ജൂത വിഭാഗങ്ങൾ. ക്രൈസ്തവ-ജൂത മതങ്ങൾ ദൈവിക വെളിപാടിനെ ആധാരമാക്കി രൂപപ്പെട്ടത് തന്നെയാണെന്ന് ഇസ്‌ലാം വിലമതിക്കുമ്പോൾ ഇസ്‌ലാമിനെ വഴിപിഴച്ച പൈശാചിക മതമായി ഈ ഇരു മതങ്ങളും പഴിക്കുന്നു. ഇസ്‌ലാമിനെ പ്രാകൃത വിശ്വാസ സംഹിതയെന്ന് പാശ്ചാത്യർ മുദ്രയടിക്കുന്നു.

● മുസ്‌ലിമേതര സമൂഹങ്ങൾ ഇസ്‌ലാമിനെക്കുറിച്ച് ഏറെ അജ്ഞത വെച്ചുപുലർത്തുന്നു. ഇസ്‌ലാം സമാധാനത്തിന്റെ മതമാണെന്ന യാഥാർഥ്യം തമസ്കരിച്ച് അത് വാളുകൊണ്ട് പ്രചരിപ്പിക്കപ്പെട്ടതാണെന്ന തെറ്റായ ധാരണ നൂറ്റാണ്ടുകളായി പടിഞ്ഞാറൻ നാടുകളിൽ വേരൂന്നിയിട്ടുണ്ട്.

● ഭീകരതയെ മുസ്‌ലിംരാഷ്ട്രങ്ങൾ തള്ളിപ്പറയുകയും മുസ്‌ലിം രാഷ്ട്രങ്ങൾ പോലും ഭീകരാക്രമണങ്ങളുടെ ഇരയായി മാറുകയും ചെയ്യുന്നുണ്ടെങ്കിലും മുസ്‌ലിംകൾ ഭീകരതയെ അനുകൂലിക്കുന്നു എന്ന ധാരണയും പാശ്ചാത്യരെ ഗ്രസിച്ചിരിക്കുന്നു.

● മതങ്ങളുടെ പരസ്പര സഹിഷ്ണുതയെ പ്രോത്സാഹിപ്പിക്കേണ്ടതിനു പകരം ഇസ്‌ലാമിക ചിഹ്നങ്ങളെ അവമതിക്കുകയും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ പ്രവാചകനെ അപഹസിക്കുകയും ചെയ്യുകവഴി സമൂഹത്തിൽ കൂടുതൽ ധ്രുവീകരണങ്ങൾ സംഭവിക്കുന്നു. ആവിഷ്കാരസ്വാതന്ത്ര്യം ഹീന ലക്ഷ്യങ്ങൾക്കായി ദുരുപയോഗം ചെയ്യപ്പെടുന്നു.

● മതവിദ്വേഷവും അസഹിഷ്ണുതയും ഇസ്‌ലാംവിരുദ്ധ വികാരവും ഉണർത്തുന്നവർക്കെതിരെ ഫലപ്രദമായ നിയമ നടപടികൾ സ്വീകരിക്കപ്പെടാത്തതും ഇസ്‌ലാംഭീതിയുടെ വ്യാപനത്തിന് വഴിയൊരുക്കുന്നു.

● മതസഹിഷ്ണുത, മുസ്‌ലിംകൾക്കെതിരായ വിവേചനം എന്നിവയെ സംബന്ധിച്ച സംവാദങ്ങൾ ഉന്നത അക്കാദമിക വിഭാഗങ്ങളിൽ പരിമിതപ്പെടുന്നു. സാധാരണ ജനങ്ങൾക്ക് ഇത്തരം സംവാദങ്ങളിലൂടെ ധാരണ രൂപവത്കരിക്കാനുള്ള അവസരം ലഭ്യമാകാറില്ല.

● ഒരുപിടിയാളുകളുടെ ചെയ്തികളുടെ പേരുപറഞ്ഞ്, മുസ്‌ലിം സാമാന്യജനം ഒന്നടങ്കം ഭീകരവാദികളെന്ന നിലയിൽ ഭീകരതക്ക് വ്യാഖ്യാനം ചമക്കുന്നു. സംശയിക്കുന്ന ഏതു മുസ്‌ലിമിനെയും അറസ്റ്റുചെയ്ത് നിയമക്കുരുക്കിൽ വീഴ്ത്തി തടങ്കൽപാളയത്തിൽ അടക്കുന്നു. സെപ്റ്റംബർ 11 സംഭവത്തോടെ ഈ പ്രവണത രൂക്ഷമായി.

● മുസ്‌ലിം സമൂഹവുമായി സാർഥകമായ സംവാദങ്ങൾ നടത്താനുള്ള വൈമുഖ്യവും ഇഛാശക്തിയുടെ അഭാവവും.

● പതിറ്റാണ്ടുകളായി ഫലസ്ത്വീൻ ജനതയെ അടിച്ചമർത്തുന്ന ഇസ്രയേലീ അധിനിവേശകർക്ക് പാശ്ചാത്യ രാജ്യങ്ങൾ നൽകുന്ന തുറന്ന പിന്തുണയും സാമ്പത്തിക-ആയുധ സന്നാഹങ്ങളും ഉണർത്തുന്ന പ്രതികരണങ്ങൾ.

### ഒ.ഐ.സിയുടെ ശിപാർശകൾ

ഇസ്‌ലാമോഫോബിയയുടെ പ്രകടിതരൂപങ്ങളെ ഫലപ്രദമായി ചെറുക്കുന്നതിനുള്ള യത്നങ്ങൾ തുടരുകയാണ് ഒ.ഐ.സി ഒബ്സർവേറ്ററി. ബോധപൂർവം നടത്തുന്ന ഇടപെടലുകൾ വഴി മാത്രമേ ഈ പ്രതിലോമ പ്രവണതയെ തളക്കാൻ സാധിക്കൂ എന്ന കാര്യം നിസ്തർക്കമത്രെ.

ഇസ്‌ലാംഭീതിയാൽ പ്രേരിതരായി മുസ്‌ലിംകൾക്കെതിരെ നടത്തുന്ന പൗരാവകാശധ്വംസനങ്ങളും വിവേചനങ്ങളും അന്താരാഷ്ട്ര ശ്രദ്ധയിൽ കൊണ്ടുവരാൻ ഒ.ഐ.സിക്ക് സാധിക്കുകയുണ്ടായി. ഒ.ഐ.സിയുടെ നിർദേശങ്ങൾ പാശ്ചാത്യ ഭരണകൂടങ്ങൾ സ്വാഗതം ചെയ്തിട്ടുമുണ്ട്. എന്നാൽ മൂർത്ത നടപടികൾ സ്വീകരിക്കാൻ പടിഞ്ഞാറൻ ഭരണകൂടങ്ങൾ സന്നദ്ധരായിട്ടില്ല. ഇസ്‌ലാമിന്റെ ശരിയായ പ്രതിഛായയും മൂല്യ പ്രതിബദ്ധതയും മാനവികതയും പ്രത്യക്ഷവത്കരിക്കുന്ന പ്രവണതകൾ ശക്തിപ്പെടുത്താൻ ഒ.ഐ.സി പത്തു വർഷത്തേക്കുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിൽ മുസ്‌ലിം രാജ്യങ്ങളും പണ്ഡിതന്മാരും ഇസ്‌ലാമിക പ്രവർത്തകരും സഹകരിക്കണമെന്ന് ഒ.ഐ.സി ആഹ്വാനം ചെയ്യുന്നു. ഇസ്‌ലാമോഫോബിയാ സംഭവങ്ങളെ സദാ നിരീക്ഷിച്ച് റിപ്പോർട്ട് ചെയ്യാനും പ്രതികരണങ്ങൾ നയതന്ത്ര മാർഗങ്ങളിലൂടെ പുറത്തുവിടാനും ഒ.ഐ.സി ഒബ്സർവേറ്ററി നിഷ്കർശ പുലർത്തും.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സെമിനാറുകൾ, വർക്ക് ഷോപ്പുകൾ, ഇതര മത വിഭാഗങ്ങളെ പങ്കെടുപ്പിച്ച് സംവാദങ്ങൾ തുടങ്ങിയ പദ്ധതികൾ ഇതിനകം വിജയം കാണുകയുണ്ടായി. എൻ.ജി.ഒകൾ, വിവിധ സംഘടനകൾ എന്നിവയുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ, അവഹേളനങ്ങൾക്കും കൈയേറ്റങ്ങൾക്കുമെതിരെ നിയമ നടപടികൾക്കുള്ള സംവിധാനങ്ങൾ അവലംബിക്കൽ, പ്രകോപനപരമായ പരാമർശങ്ങൾ നടത്താതിരിക്കാൻ രാഷ്ട്രീയ നേതാക്കളെ കണ്ട് അഭ്യർഥന നടത്തൽ, വിവേചനങ്ങൾക്കും അതിക്രമങ്ങൾക്കുമെതിരായ നിയമാന്വേഷണങ്ങൾ, നിഷേധാത്മക റിപ്പോർട്ടുകൾ വെടിയാൻ മാധ്യമങ്ങളെ പ്രേരിപ്പിക്കൽ, ഇസ്‌ലാമിക കലകൾക്കും സർഗാവിഷ്കാരങ്ങൾക്കും പ്രോത്സാഹനമേകൽ തുടങ്ങിയ നിരവധി നടപടികൾക്ക് ഒ.ഐ.സി റിപ്പോർട്ടിലെ ശിപാർശകൾ പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കാം.

അധിനിവേശം, സാംസ്കാരികാതിക്രമം, കുപ്രചാരണം, മാധ്യമവേട്ട തുടങ്ങിയവ തീക്ഷ്ണമായിക്കൊണ്ടിരിക്കുന്ന അഗ്നിവീഥികളിലൂടെയാണ് ഇസ്‌ലാമിക ലോകത്തിന്റെ ഇപ്പോഴത്തെ പ്രയാണം. നാസി ജർമനിയിൽ ഭയമായിരുന്നു ഭരണകർത്താവെന്ന് ബെർറ്റോൾഡ് ബ്രഹ്റ്റ് നിരീക്ഷിച്ചതുപോലെ, ഭീതിയും അസഹിഷ്ണുതയുമാണ് പടിഞ്ഞാറൻ രാജ്യങ്ങളിലെ ഭരണകർത്താക്കളെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സ്വതന്ത്ര ചിന്തയുടെ ധീരതയുമായല്ല പടിഞ്ഞാറ് ഇസ്‌ലാമിനെ സമീപിക്കുന്നത്. പ്രത്യയശാസ്ത്ര ആന്ധ്യത്തിന്റെയും മുൻവിധികളുടെയും ഖഡ്ഗങ്ങൾ കൊണ്ടുള്ള ആക്രമണങ്ങളിലാണ് അവരുടെ ഔത്സുക്യം. കൂടുതൽ ബൗദ്ധിക സമരങ്ങളും ഇമ പൂട്ടാത്ത ജാഗരൂകതയുമാണ് ഈ സാഹചര്യം മുസ്‌ലിം സമൂഹത്തോട് ആവശ്യപ്പെടുന്നത്. ■

(അവസാനിച്ചു)